പത്രക്കുറിപ്പ്
19-3-2018

# കുടുംബശ്രീ നീതം കാമ്പെയ്ൻ:
# റിപ്പോർട്ട് അവതരണം ഇന്ന്(20-3-2018)

തിരുവനന്തപുരം: സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള അതിക്രമങ്ങൾ തടയുക, പ്രാദേശികമായി പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ കുടുംബശ്രീ സംഘടിപ്പിച്ച നീതം-2018 സംസ്ഥാനതല കാമ്പെയ്നോടനുബന്ധിച്ചുള്ള റിപ്പോർട്ട് അവതരണ പരിപാടിയുടെ ഉദ്ഘാടനം ഇന്ന് (20-3-2018) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിമ്പ്യ ഹാളിൽ കൃഷി വകുപ്പ് മന്ത്രി വി.എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യും. വി.എസ്.ശിവകുമാർ എം.എൽ.എ അധ്യക്ഷത വഹിക്കും. ശ്രീമതി ടീച്ചർ എം.പി മുഖ്യപ്രഭാഷണം നടത്തും.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള അതിക്രമങ്ങൾ തടയുന്നതിനും പ്രാദേശികമായി പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിന്റെയും ഭാഗമായി അയൽക്കൂട്ട തലത്തിൽ നിശ്ചിത ഫോർമാറ്റിൽ വിവര ശേഖരണം നടത്തിയിരുന്നു. ഈ വിവരങ്ങളും സംസ്ഥാനമൊട്ടാകെ അയൽക്കൂട്ട സംഗമത്തിലൂടെ രൂപീകരിച്ച പ്രതിരോധ മാർഗങ്ങളും കർമപദ്ധതിയും ഉൾപ്പെട്ട റിപ്പോർട്ടാണ് ഇന്ന് അവതരിപ്പിക്കുക. പതിനാല് ജില്ലകളിൽ നിന്നുമായി തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അയൽക്കൂട്ടതലം മുതൽ ജില്ലാതലം വരെ നടന്ന പ്രവർത്തനങ്ങളും കണ്ടെത്തലുകളും ക്ഷണിക്കപ്പെട്ട സദസിനു മുന്നിൽ അവതരിപ്പിക്കും.

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഡോ.കെ.ആർ.ഷൈജു സ്വാഗതം പറയും. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ, കുടുംബശ്രീ ഗവേണിങ്ങ് ബോഡി അംഗം സി.എസ്.സുജാത, ഡയറക്ടർ റംലത്ത്.പി, പ്രോഗ്രാം ഓഫീസർമാരായ അമൃത ജി.എസ്, എൻ.എസ്.നിരഞ്ജന, ബിനു ഫ്രാൻസിസ് എന്നിവർ ആശംസാ പ്രസംഗം നടത്തും. സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ പ്രിയ.ഇ നന്ദി പറയും.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**